# <u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>

## <u>തിരുവനന്തപുരം</u>

വിഷയം :- നഗര – ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – കൊല്ലം ജില്ല – പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് – പടിഞ്ഞാറെ കല്ലട വില്ലേജ് – **പെട്രോൾ പമ്പ് നിർമ്മാണം** – ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.10.19,09/12/2019 ലെ എ 4-2801/2019 നമ്പർ കത്തുകൾ

2. കൊല്ലം ജില്ലാടൗൺ പ്ലാനറുടെ 4.11.19 ലെ TCPKLM/816/2019-C, 07/01/2020 ലെ TCPKLM/946/2019-C നമ്പർ കത്തുകൾ

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/80/2020 –C3** തീയതി: **03/02/2020**

---

കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പടിഞ്ഞാറെ കല്ലട വില്ലേജിൽ ബ്ലോക്ക് നമ്പർ 12-ൽ റീ സർവ്വേ നമ്പർ 6/3 – ൽ ഉൾപ്പെട്ട 1400 ച.മീ. സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് 36.28 ച.മീ കനോപ്പി 160 ച.മീ ഉൾപ്പെടെ ആകെ 196.28 ച.മീ വിസ്തീർണ്ണം വരുന്ന **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീമതി. സുജല**, കല്ലുംമൂട്ടിൽ. കല്ലട - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
3. പെട്രോൾ പമ്പിന്റെ ഉപയോഗം മൂലം പൊതു ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണം.
4. കെ.പി.ബി.ആർ. 2011 ലെ ചട്ടം 61 (6), പ്രകാരം അഗ്നിശമന സേന ഡയറക്ടറുടെ എൻ.ഓ.സിയും 61(9) പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരവും ലഭ്യമാക്കിയിരിക്കണം.

5. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അംഗീകാരം നേടിയിരിക്കണം.
6. 2008 ലെ explosive- ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
7. 'പൊളിച്ചുമാറ്റാനുള്ളത് ' എന്ന് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടം പൊളിച്ചുമാറ്റിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിരിയ്ക്കണം.
8. ചട്ടം 61 (16) പ്രകാരം ഖര- ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും ചട്ടം 61 (17) പ്രകാരം ടി നിർമ്മാണത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിന ജലം ശുദ്ധീകരിച്ച് പൂർണ്ണമായും പുനരുപയോഗിക്കുന്നതിനാവശ്യമായ ശുചീകരണ വിതരണ സംവിധാനവും നൽകിയിരിക്കണം.
9. 61 (8) പ്രകാരം നൽകേണ്ട ശുചീകരണ സൗകര്യങ്ങൾ നൽകിയിരിക്കണം.
10. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ. 2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **19/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്
<u>പകർപ്പ്:-</u>

1. ശ്രീമതി. സുജല, കല്ലുംമൂട്ടിൽ. കല്ലട
2. ടൗൺ പ്ലാനർ, കൊല്ലം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം